# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

2007 മാർച്ച് 22 വ്യാഴം

## അസോസിയേഷൻ തത്സമയ റിപ്പോർട്ടിംഗ് അൽമായവേദിയുടെ കിരീടത്തിൽ പൊൻതൂവൽ

**കെ. വി. ഏബ്രഹാം കൊടുവത്ത്**
**(പ്രസിഡന്റ്, ഓർത്തഡോക്സ് അൽമായവേദി)**

ഇന്നലെ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ തത്സമയം റിപ്പോർട്ട് ചെയ്തുകൊണ്ട് അൽമായവേദി മാധ്യമരംഗത്ത് വിപ്ലവം സൃഷ്ടിച്ചു. സഭ മാധ്യമസെൽ രൂപീകരിച്ചത് പരാജയത്തിലേക്ക് മുതലക്കൂപ്പു കുത്തി അപ്രത്യക്ഷമായതിന്റെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ വിപ്ലവമായി തന്നെ വേണം ഇതിനെ കാണുവാൻ.

എക്കണോമിക് ടൈംസിന്റെ എഡിറ്ററും ബാംഗ്ലൂർ സ്വദേശിയുമായ ജോർജി എസ്. തോമസാണ് തത്സമയ റിപ്പോർട്ടിംഗ് എന്ന ആശയം അൽമായവേദിക്ക് നൽകിയത്. അൽമായവേദിയുടെ പി. ആർ. ഒ. യും വെബ് - കോ-ഓർഡിനേറ്ററുമായ ജോയ്സ് തോട്ടയ്ക്കാടിന്റെ നിശ്ചയദാർഢ്യവും ആത്മാർത്ഥതയുമാണ് ഇത് പ്രായോഗികമാക്കിയത്. സഭാചരിത്രകാരനായ എം. കുര്യൻ തോമസ്, അൽമായവേദി ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, സഭാചരിത്ര ഗവേഷകനായ വിപിൻ കെ. വർഗീസ് എന്നിവർ ഈ സംരംഭത്തിൽ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

അൽമായവേദിയുടെ പുതിയ ലക്കം നെറ്റിൽ ഇറങ്ങി കുറച്ചുപേർ ഡൗൺലോഡ് ചെയ്തു കഴിയുമ്പോൾ ബാൻഡ്വിത്ത് ലിമിറ്റ് കഴിയുന്ന ഒരു വെബ്സൈറ്റുമായി ഈ തത്സമയം റിപ്പോർട്ടിംഗ് സാദ്ധ്യമല്ലായിരുന്നു. അതിനു പരിഹാരമായി ആവശ്യത്തിനുള്ള സ്പേസും ബാൻഡ്വിത്തുമൊക്കെ വാങ്ങിക്കോളാൻ പറഞ്ഞ് പ്രോത്സാഹിപ്പിച്ച അൽമായവേദിയുടെ ഒരു അഭ്യുദയകാംക്ഷിയുടെ സ്നേഹത്തിനു മുന്നിൽ ഞങ്ങൾ നമിക്കുന്നു. ഇതുപോലെയുള്ള സഭാസ്നേഹികളാണ് സഭയുടെയും അൽമായവേദിയുടെയും മുതൽക്കൂട്ട്.

പുതിയ സഭാനേതൃത്വം വരുമ്പോൾ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുവാൻ അവർക്ക് കഴിയണം. മാധ്യമരംഗത്ത് സഭ പിന്നോട്ടു പോയതിന്റെ ഉദാഹരണമാണ് ഇന്നലെ രാത്രി 10 മണിക്കുപോലും അൽമായ - വൈദിക ട്രസ്റ്റിമാരെ തെരഞ്ഞെടുത്ത വാർത്ത ഒരു ചാനലിലും കാണിക്കാതിരുന്നത്. അതേസമയം വൈകുന്നേരം 6 മണിയ്ക്കു തന്നെ, വിജയിച്ചവർ ആരൊക്കെയെന്ന് ഇന്ത്യയിലും വിദേശത്തുമുള്ളവരെ അറിയിക്കുവാൻ അൽമായവേദിക്കു കഴിഞ്ഞു. അതിനു നേതൃത്വം നൽകിയ ചിലരെങ്കിലും, മാധ്യമരംഗത്ത് കൈവിട്ടുപോയ പ്രാധാന്യം തിരികെ പിടിക്കുവാൻ സഭ പ്രയോജനപ്പെടുത്തിയിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചു പോകുകയാണ്.

## ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് അൽമായവേദിക്ക് നന്ദി രേഖപ്പെടുത്തി

കോട്ടയം: വൈദികട്രസ്റ്റി സ്ഥാനത്തേക്ക് വൻ ഭൂരിപക്ഷത്തോടെ വിജയിച്ച ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് അൽമായവേദി നൽകിയ ധാർമ്മിക പിന്തുണയ്ക്കും എല്ലാവിധ സഹായ സഹകരണങ്ങൾക്കും നന്ദി രേഖപ്പെടുത്തി. തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് അൽമായവേദി ഭാരവാഹികളെ ഫോണിൽ ബന്ധപ്പെട്ടാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

## റോയി എം. മാത്യു മുത്തൂറ്റ് നന്ദി രേഖപ്പെടുത്തി



പരുമല: അൽമായ ട്രസ്റ്റി സ്ഥാനാർത്ഥിയായി മത്സരിച്ച തനിക്ക് നൽകിയ പ്രോത്സാഹനത്തിനും സഹകരണത്തിനും എല്ലാവരോടും നന്ദിയുള്ളവനാണെന്ന് റോയി എം. മാത്യു മുത്തൂറ്റ് 'അൽമായവേദി'യോട് പറഞ്ഞു. മത്സരത്തിൽ തോറ്റാലും മലങ്കരസഭയിലെ ഒരു എളിയ പ്രവർത്തകനായി താൻ എന്നും ഉണ്ടാകുമെന്ന് ഇലക്ഷൻ പ്രചരണകാലത്തു തന്നെ വ്യക്തമാക്കിയിരുന്ന കാര്യം അദ്ദേഹം ഓർമ്മിപ്പിച്ചു.

സഭയുടെ പ്രവർത്തനങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും താൻ തുടർന്നും സജീവമായിട്ടുണ്ടാവുമെന്ന് അദ്ദേഹം വ്യക്തമാക്കി. മണി - മസിൽ പവർ കൊണ്ട് വോട്ടു നേടി വിജയിക്കാതെ, അത്തരം സമീപനത്തെ എതിർക്കുന്ന ഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെ പ്രതിനിധിയാകാൻ സാധിച്ചതിൽ അഭിമാനിക്കുന്നുവെന്നും അദ്ദേഹം 'അൽമായവേദി'യോട് പറഞ്ഞു.

## നോമിനേറ്റഡ് അംഗങ്ങളിൽ ഉപജാപകസംഘത്തലവനും

കോട്ടയം: മലങ്കര മെത്രാപ്പോലീത്താ മാനേജിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്തിരിക്കുന്നവരുടെ ലിസ്റ്റിൽ ഉ.ചാ.മ.റ. യുടെ സൂത്രധാരകനായ റമ്പാനും, സഭയുടെ മുന്നോട്ടുള്ള കുതിപ്പിനെ അട്ടിമറിക്കാനായി ഉന്നതസമിതികളിൽ വിവരക്കേടുകൾ എഴുന്നള്ളിക്കുന്ന ഒരു മുൻ സഭാസെക്രട്ടറിയുമൊക്കെ ഉൾപ്പെടുന്നത് വ്യാപകമായ പ്രതിഷേധത്തിന് കാരണമാകുന്നു.

നോമിനേറ്റഡ് അംഗങ്ങളെ നിയുക്ത കാതോലിക്കായും, തിരഞ്ഞെടുപ്പിൽ തോറ്റ വൈദികട്രസ്റ്റിയും പുതിയ അൽമായ ട്രസ്റ്റിയുമുൾപ്പെടുന്ന ഒരു കോക്കസാണ് തീരുമാനിച്ചതെന്ന അൽമായവേദിയുടെ ആരോപണത്തെ ശരി വയ്ക്കുന്നതാണ് ഇന്നലെ രാത്രി വൈകി പുറത്തിറക്കിയ ലിസ്റ്റ്.

തങ്കമണി സംഭവത്തിലെ ആരോപണ വിധേയൻ, 15 വർഷത്തിലേറെയായി ദേവലോകത്ത് ഓഫീസിൽ ജോലി നോക്കുന്ന ഒരു മുൻ കോളജ് പ്രിൻസിപ്പൽ, അദ്ദേഹത്തിന്റെ ഫസ്റ്റ് കസിൻ, വിരമിക്കുന്ന അൽമായ - വൈദിക ട്രസ്റ്റിമാർ, മെത്രാന്മാർക്ക് വാരിക്കോരി കൈമുത്തു കൊടുക്കുന്ന, സ്വന്തം കാശു മുടക്കി അവാർഡു വാങ്ങിക്കുന്ന ഒരു അമേരിക്കക്കാരൻ തുടങ്ങിയവരൊക്കെയാണ് ലിസ്റ്റിലുള്ളത്.

സ്വന്തം ഇടവകയിൽ നിന്നും പ്രതിപുരുഷനാകുവാൻ മത്സരിച്ച് ഏറ്റവും കുറവ് വോട്ടു നേടിയ ഒരാളും നോമിനേഷൻ ലിസ്റ്റിൽ ഇടം കണ്ടെത്തിയിരിക്കുന്നു.

സഭാസെക്രട്ടറി സ്ഥാനത്തിന് മത്സരിക്കാൻ കച്ച കെട്ടിയിറങ്ങി നിരണത്തു നിന്നും മാനേജിംഗ് കമ്മറ്റിയിലേക്ക് മത്സരിച്ചു തോറ്റ കോട്ടയംകാരനായ മുൻ പ്രിൻസിപ്പലിന്റെ പേര് ലിസ്റ്റിലില്ല. അതേ സമയം കോട്ടയത്തുനിന്നും മത്സരിച്ചു തോറ്റ ഒരു റിട്ട. പോലീസ് ഉദ്യോഗസ്ഥൻ ലിസ്റ്റിൽ കയറിയിട്ടുണ്ട് താനും.

സഭയുടെ കാര്യത്തിന് എന്നും മുൻതൂക്കം കൊടുക്കുന്ന, നിയമസഭയിൽ പോലും ഓർത്തഡോക്സുകാരനാണെന്ന് പറയാൻ മടിയില്ലാത്ത ജോസഫ് എം. പുതുശ്ശേരി എം.എൽ.എ. യെ പോലും ലിസ്റ്റിൽ പെടുത്തിയിട്ടില്ലാത്തത് പലരെയും അത്ഭുതപ്പെടുത്തുന്നു. വിദ്യാർത്ഥിപ്രസ്ഥാനം സെക്രട്ടറി ലിസ്റ്റിൽ ഇടം കണ്ടപ്പോൾ യുവജനപ്രസ്ഥാനം സെക്രട്ടറി ഔട്ടായി. വൈദിക ട്രസ്റ്റിയുടെ വലങ്കൈയും പുതിയ അൽമായ ട്രസ്റ്റിയെ ജയിപ്പിക്കുവാൻ യുവജനപ്രസ്ഥാനത്തിന്റെ പിന്തുണ കൊടുത്തയാളുമായ സെക്രട്ടറി ലിസ്റ്റിൽ ഇടം കണ്ടെത്തുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നുവെങ്കിലും അദ്ദേഹവും പുറത്തായി.

## യുവജനം സപ്ലിമെന്റിനെക്കുറിച്ച് തന്നോട് ആലോചിച്ചിട്ടില്ലെന്ന് യുവജനപ്രസ്ഥാനം പ്രസിഡന്റ്

പരുമല: ഓർത്തഡോക്സ് യുവജനപ്രസ്ഥാനം മുത്തൂറ്റ് എം. ജി. ജോർജിനെ പിന്തുണയ്ക്കുന്നതായി തെറ്റിദ്ധരിപ്പിക്കുന്ന സപ്ലിമെന്റ് തന്റെ അറിവോ സമ്മതമോ ഇല്ലാതെ പ്രസിദ്ധീകരിച്ചതാണെന്ന് പ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ മിലിത്തോസ് 'അൽമായവേദി'യോട് വ്യക്തമാക്കി.

## കോനാട്ടു കുടുംബത്തിൽ നിന്നു നാലാമത്

**അൽമായവേദി ന്യൂസ് സർവീസ്**

പാമ്പാക്കുട: ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് തെരഞ്ഞെടുക്കപ്പെട്ടത് ഒരു സർവകാല റിക്കാർഡാണ്. അദ്ദേഹത്തിന്റെ പിതാവ് കോനാട്ട് ഏബ്രഹാം മല്പാൻ, പിതാമഹൻ കോനാട്ട് മാത്തൻ മല്പാൻ, പ്രപിതൃവ്യൻ കോനാട്ട് കോര യൂഹാനോൻ മല്പാൻ എന്നിവർ മുമ്പ് വൈദികട്രസ്റ്റി സ്ഥാനം വഹിച്ചിട്ടുണ്ട്. ഇവർ മൂന്നു പേരും മലങ്കര മല്പാന്മാരുമായിരുന്നു.

## അഞ്ചു ദിവസം കൊണ്ട് 23% വോട്ട്; ആറു മാസവും അരക്കോടിയും കൊണ്ട് 64% വോട്ട്

റോയി എം. മാത്യു സജീവമായി പ്രചരണരംഗത്തുണ്ടായിരുന്നത് 5 ദിവസമാണ്. പണം വാരിയെറിഞ്ഞുള്ള പ്രചരണമോ സ്വന്തം സ്ഥാപനത്തിലെ ജീവനക്കാരെയിറക്കലോ ഒന്നുമില്ലാതെ വ്യക്തിപരമായ സമീപനത്തിലൂടെ ആവുന്നത്രയാളുകളെ ബന്ധപ്പെടുന്ന പ്രചരണരീതിയാണ് അദ്ദേഹം നടത്തിയത്. അഞ്ചു ദിവസത്തെ പ്രചരണം കൊണ്ട് രേഖപ്പെടുത്തപ്പെട്ട വോട്ടിന്റെ 23% നേടുവാൻ അദ്ദേഹത്തിനു സാധിച്ചു. എന്നാൽ ആറു മാസം മുമ്പേ ഒരു വലിയ സംഘം ആളുകളും കോടിക്കണക്കിന് പണവും ചെലവഴിച്ച് പ്രചരണം തുടങ്ങിയ എം. ജി. ജോർജ് 64% വോട്ട് മാത്രമാണ് നേടിയത്.

തെരഞ്ഞെടുപ്പിൽ വിജയം മാത്രമാണ് കാര്യം എന്ന സിദ്ധാന്തം മറക്കുന്നില്ല. ബീഹാറിൽ ലല്ലുയാദവോ ഗുജറാത്തിൽ നരേന്ദ്രമോഡിയോ ഒക്കെ നേടുന്നതും തെരഞ്ഞെടുപ്പു വിജയം തന്നെ.

ഒരു സിംപിൾ അരിത്മറ്റിക് - 50,0000 ÷ 2097 = 2385.

## ദിദിമോസ് ബാവായെ നിസ്സഹായനാക്കുവാൻ ശ്രമം

ദേവലോകത്തെ പുതിയ കോക്കസ് ദിദിമോസ് ബാവായെ ദുർബലപ്പെടുത്തുവാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടിയതായി റിപ്പോർട്ട്. അൽമായട്രസ്റ്റി തെരഞ്ഞെടുപ്പിൽ ദയനീയ പരാജയമേറ്റുവാങ്ങിയ ഫാ. ഡോ. ഒ. തോമസിനെ ആലോചനാ സമിതിയിലെടുക്കുന്നതിലൂടെ വൈദികസെമിനാരി വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യനെ പുറത്താക്കുവാനാണ് കോക്കസ് ശ്രമിക്കുന്നത്. കോക്കസിന്റെ അജൻഡകൾക്ക് പലപ്പോഴും തടസ്സം നിന്നിട്ടുള്ള ജേക്കബ് കുര്യനച്ചന്റെ തത്വാധിഷ്ഠിതമായ നിലപാടുകൾ കോക്കസിന് എന്നും തലവേദനയായിരുന്നു. ഒ. തോമസച്ചന്റെ പരാജയത്തോടെ നിഷ്പ്രഭമാകുന്ന കോക്കസിന്റെ ആലോചനാസമിതിയിലെ സാന്നിദ്ധ്യം ശക്തമാക്കുകയും കോക്കസിന് അഭിമതനല്ലാത്ത ജേക്കബ് കുര്യനച്ചനെ പുറത്താക്കുകയും വഴി ഒരു വെടിക്ക് രണ്ടു പക്ഷി എന്ന നേട്ടമാണ് കോക്കസ് നേടുന്നത്.

ദിദിമോസ് ബാവാ സ്ഥാനമേറ്റപ്പോൾ വർക്കിംഗ് കമ്മറ്റി പുനഃസംഘടനയ്ക്കായി രാജിവച്ച വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജിനെ മാനേജിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്തതും കൂട്ടി വായിക്കുമ്പോൾ ദിദിമോസ് ബാവായുടെ വിശ്വസ്തനായ ജേക്കബ് കുര്യനച്ചൻ ആലോചനാസമിതിയിൽനിന്നും പുറത്താകുമെന്ന അഭ്യൂഹം ശക്തിപ്പെടുന്നു.

നിയുക്ത കാതോലിക്കാ ആയിരിക്കുമ്പോൾ തിരുമേനിയെ തൃക്കുന്നത്തു സെമിനാരിയിൽ പ്രവേശിക്കുന്നത് തടയുവാൻ ശ്രമിച്ച വ്യക്തിയെപ്പോലും നോമിനേറ്റഡ് മെമ്പർമാരുടെ ലിസ്റ്റിലുൾപ്പെടുത്തി എന്നത് അപഗ്രഥിച്ചാൽ പ. ബാവായുടെ നിസ്സഹായത മനസ്സിലാക്കാം. ഇത്തരം വ്യക്തികളിലൂടെ പ. ബാവായെ ദുർബ്ബലപ്പെടുത്തുവാൻ ദേവലോകത്തെ പുതിയ കോക്കസ് ശ്രമിക്കുന്നത് വിജയം കണ്ടുകൊണ്ടിരിക്കുന്നതായാണ് നിരീക്ഷകർ കരുതുന്നത്.

## ഫിലിപ്പ് മാത്യുവിനെ നോമിനേറ്റ് ചെയ്തെന്ന് ഹിന്ദു മനോരമ അറിഞ്ഞില്ല

കോട്ടയം: മലയാള മനോരമ പത്രാധിപർ കെ. എം. മാത്യുവിന്റെ മകൻ ഫിലിപ്പ് മാത്യു (മാനേജിംഗ് എഡിറ്റർ, മനോരമ) വിനെ മാനേജിംഗ് കമ്മറ്റിയിലേക്ക് പ. ബാവാ നോമിനേറ്റ് ചെയ്തവരുടെ ലിസ്റ്റിൽ ഹിന്ദു പത്രത്തിൽ കാണുന്നു. പക്ഷേ 'മലയാള മനോരമ'യിൽ നോമിനേറ്റ് ചെയ്തവരുടെ ലിസ്റ്റിൽ ഫിലിപ്പ് മാത്യുവില്ല.

## കത്തുകൾ

പണം കൊണ്ട് മലങ്കരസഭയെ കീഴടക്കാൻ ശ്രമിച്ച സി. ജെ. കുര്യന്റെ രണ്ടാം ജന്മമാണോ എം. ജി. ജോർജ് മുത്തൂറ്റ് എന്ന് സംശയിക്കുന്നു. സി. ജെ. കുര്യന്റെ ഗതി അദ്ദേഹത്തിനുണ്ടാകാതിരിക്കാൻ പ്രാർത്ഥിക്കാം.

**ഷെല്ലി ജോൺ, കോട്ടയം**

മലങ്കരസഭയുടെ അൽമായട്രസ്റ്റി സ്ഥാനത്തിന് സർവദാ യോഗ്യൻ റോയി എം. മാത്യു തന്നെയായിരുന്നു. അദ്ദേഹത്തിന്റെ തോൽവി ഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെ ആഗ്രഹത്തിന് എതിരാണ്. പണം വാങ്ങിയും കിട്ടുമെന്ന് പ്രതിക്ഷിച്ചും എം. ജി. ജോർജിന് വോട്ടു കുത്തിയ മെത്രാന്മാർക്കും അച്ചന്മാർക്കും ഹാ കഷ്ടം!

**ഫീലിപ്പോസ്, പുതുപ്പള്ളി**

I don't see any REASON why Almayavedi is SO against the newly elected 'Almaya' Trustee!

I have observed in the recent editions (of Almayavedi) that, you are campaigning a lot against Mr. George and supporting a lot to Mr. Roy M. Mathew.

You also claim that, Mr. George had spent a lot of money in general as well as on each Association Member (??? - I am not sure how is this possible!) If the latter part is true, that means that you are accusing that MOST of the Association Members have accpeted any types of BRIBE! If you are an Association Member, will you agree with this?

Secondly, though there were enough supporting and opposing campaigns against Mr. George, look at the margin of votes casted during the election process!! As an independent member, how do you evaluate this?

I feel he has the capacity and ability to become the Almaya Trustee and MOST of the Association Members have accepted this fact and that how he won in this election!

PS: I am not a supporter of neither Mr. George nor Mr. Mathew or to Muthoot family. This is just my view as an independent reader of Almayavedi.

I am not sure whether you will publish this or not, but to express my feelings to you.

Best regards,

Thomas

# അസോസിയേഷൻ അംഗങ്ങൾക്ക് പണം നൽകിയതായി എഴുതിയിട്ടില്ല

അൽമായവേദി ന്യൂസ് ബുള്ളറ്റിന്റെ അസോസിയേഷൻ തത്സമയ റിപ്പോർട്ടിംഗിൽ എം. ജി. ജോർജ് മുത്തൂറ്റ് അസോസിയേഷൻ അംഗങ്ങൾക്ക് പണം നൽകിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. തെരഞ്ഞെടുപ്പ് സംബന്ധമായി കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ അദ്ദേഹത്തിനുണ്ടായ ചെലവുകളുടെ ഏകദേശ കണക്ക് മാത്രമാണ് ഞങ്ങൾ കൊടുത്തത്.

തിരുവനന്തപുരം സമ്മേളനത്തിൽ പങ്കെടുക്കാൻ പോയതിന്റെ ചെലവ് പല പള്ളികളും മുത്തൂറ്റ് എം. ജോർജിന്റെ കോട്ടയത്ത് റ്റി. ബി. റോഡിലുള്ള റീജിയണൽ ഓഫീസിൽനിന്നും വാങ്ങിച്ചിട്ടുള്ളതായി വിശ്വസനീയമായി ഞങ്ങൾക്ക് അറിവുണ്ട്.

അൽമായവേദിയെ പണം തന്ന് തനിക്ക് അനുകൂലമാക്കാൻ ശ്രമിക്കുകയും അൽമായവേദിയിൽ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തുവെന്നതും ഞങ്ങളുടെ സഹപ്രവർത്തകനും വൃദ്ധനുമായ ഇ. ഐ. വർഗീസിനെ മുത്തൂറ്റ് ജീവനക്കാർ കൈയ്യേറ്റം ചെയ്തുവെന്നതും തന്നെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറ്റാൻ എന്ന വ്യാജേന ഫെബ്രു. 24 ന് അൽമായവേദി നേതൃത്വത്തെ വിളിച്ചുവരുത്തി തന്റെ വീരഗാഥകൾ വിളമ്പി മൂന്നു മണിക്കൂർ ചെലവഴിച്ചുവെന്നതും അൽമായവേദിക്ക് അദ്ദേഹത്തോടുള്ള വിയോജിപ്പുകൾ മുഖത്തുനോക്കി പറഞ്ഞുവെന്നതും സത്യമാണ്. വെള്ളാപ്പള്ളി നടേശൻ ഈഴവ സമുദായത്തെ വിഴുങ്ങിയതുപോലെ മലങ്കരസഭയെ ബ്ലേഡുകാരനായ താങ്കൾ വിഴുങ്ങുവാൻ പോകുകയാണോ എന്ന് ഞങ്ങൾക്ക് സംശയമുണ്ടെന്ന് അദ്ദേഹത്തോടു ഞാൻ പറഞ്ഞപ്പോൾ ബ്ലേഡ് എന്ന പദം കേൾക്കാൻ ഇഷ്ടപ്പെടാത്ത അദ്ദേഹം ചൂടാകുകയും ഞാൻ മാന്യത പാലിച്ചതുകൊണ്ടു മാത്രം വീണ്ടും സംഭാഷണം മുമ്പോട്ടു നീങ്ങുകയുമാണ് ഉണ്ടായത്. അൽമായവേദി ഊഹാപോഹങ്ങൾ വച്ചല്ല, ആൾക്കാരുമായുള്ള വ്യക്തിപരമായ ബന്ധത്തിൽകൂടിയാണ് കാര്യങ്ങൾ അറിയുന്നതെന്ന് മനസ്സിലാക്കുവാൻ വേണ്ടി മാത്രം ഇത്രയും എഴുതിയെന്നേയുള്ളു.

**ജോയ്സ് തോട്ടയ്ക്കാട്** (എഡിറ്റർ)

# തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടവരെ നോമിനേറ്റ് ചെയ്യുന്നത് തത്വദീക്ഷയില്ലായ്മ: അൽമായവേദി

കോട്ടയം: തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടവർ നോമിനേഷനിലൂടെ സമിതികളിൽ കയറിപ്പറ്റുന്നത് തികഞ്ഞ അധാർമ്മികതയാണെന്ന് അൽമായവേദി സെക്രട്ടറിയേറ്റ് കുറ്റപ്പെടുത്തി. സഭയുടെ സുപ്രധാന സമിതികളിലിരിക്കുവാൻ യോഗ്യരല്ലെന്ന് ജനം വിധിയെഴുതിയവരെ നോമിനേഷനിലൂടെ ആ സ്ഥാനങ്ങളിലേക്ക് കൊണ്ടുവരുന്നത് സഭയിലെ ആഭ്യന്തര ജനാധിപത്യത്തിന്റെ കടയ്ക്കൽ കത്തി വക്കുകയാണ്.

## സ്ഥാനാർത്ഥികൾക്ക് ലഭിച്ച വോട്ടുകൾ

ആകെ അംഗങ്ങൾ 3244
പോൾ ചെയ്ത വോട്ടുകൾ 3209
ജയിക്കാൻ വേണ്ട വോട്ടുകൾ 1606

**വൈദിക ട്രസ്റ്റി തിരഞ്ഞെടുപ്പ്**

ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് 2059
ഫാ. ഒ. തോമസ് 1037
അസാധു 113

**അൽമായ ട്രസ്റ്റി തിരഞ്ഞെടുപ്പ്**

ഡോ. കുര്യൻ മത്തായി 14
എം. ജി. ജോർജ് 2097
റോയി എം. മാത്യു 735
എം. സി. പൗലോസ് 66
പോൾ മത്തായി 228